# ഭാരതീയ ജനതാ പാർട്ടി

(കേന്ദ്രീയ ഓഫീസ്)

11, അശോകാ റോഡ്, ന്യൂദൽഹി– 110001

ഫോൺ: 23005700, ഫാക്സ്: 23005787

**മാർച്ച് 6, 2014**

## ബിജെപി വക്താവ് ശ്രീമതി. മീനാക്ഷി ലേഖിയുടെ പ്രസ്താവന

1. കോൺഗ്രസ് പാർട്ടിയുടെ വൃത്തികെട്ട കളി നടത്തുന്ന വിഭാഗം വാടകയ്ക്കെടുത്ത അഭിനവ കൂലിത്തല്ലുകാരായി ആം ആദ്മി പാർട്ടിക്കാർ മാറിയിരിക്കുന്നു. ഗുജറാത്തിൽ അരവിന്ദ് കേജ്‌രിവാൾ ഉൾപ്പെട്ട ഒരു ചെറിയ സംഭവത്തെ ഊതിപ്പെരുപ്പിച്ച് അത് ദേശീയ സുരക്ഷയെ ബാധിക്കുന്നതാണെന്ന് വരുത്തിത്തീർത്തത് എന്തിനായിരുന്നു? കാരണം വളരെ ലളിതമാണ്. കോൺഗ്രസ് പാർട്ടി അകപ്പെട്ട ഏതെങ്കിലും ഒരു അഴിമതിക്കഥ പുറത്തുവരുമ്പോൾ അതിൽനിന്ന് ജനശ്രദ്ധ തിരിക്കാൻ അവർ കാണിക്കുന്ന വഞ്ചനാപരമായ ഒരു വിദ്യയാണ് അത്. എ എ പിക്കാർ ബി ജെ പിക്കോ മോദിക്കോ ഒരു ഭീഷണിയേ അല്ല. എന്തെങ്കിലും പ്രത്യാഘാതം സൃഷ്ടിക്കാൻ തക്ക സ്വാധീനമുള്ള ഒരു ദേശീയ പാർട്ടിയുമല്ല അത്.

2. 2004–ൽ അന്നത്തെ ഉപപ്രധാനമന്ത്രിയായിരുന്ന അദ്വാനിയെ പാറ്റ്ന ജില്ലാ മജിസ്ട്രേട്ട് തടഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് "മര്യാദ (തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം) പാലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം രാത്രി പത്തുമണിക്ക് അവസാനിപ്പിക്കും എന്നായിരുന്നു. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ പാറ്റ്നയിൽ ഉണ്ടായ ബോംബ് സ്ഫോടനങ്ങളിൽ അഞ്ചുപേർ കൊല്ലപ്പെട്ടപ്പോൾ ബി.ജെ.പി. എന്തെങ്കിലും വിധ്വംസക പ്രവർത്തനങ്ങൾക്ക് മുതിർന്നോ? രാജ്യത്തെ നിയമം പാലിക്കുന്ന ബി.ജെ.പി. ഒരു തിരിച്ചടിക്കും തയ്യാറായില്ല. ബി.ജെ.പി.യുടെ ഈ നിലപാടിനെ എ.എ.പി. ഇന്ന് കാണിച്ച അസംബന്ധ നാടകവുമായി താരതമ്യം ചെയ്യേണ്ടതാണ്. ഞങ്ങൾ അരാജകത്വവാദികളല്ല, മറിച്ച് നാട്ടിലെ നിയമങ്ങൾ പാലിക്കുന്നവരാണ്. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ അതനുസരിച്ച് പ്രവർത്തിക്കാൻ കേജ്‌രിവാൾ ബാദ്ധ്യസ്ഥനാണ്. ഇലക്ഷൻ കമ്മിഷണനാണ് കേജ്‌രിവാളിനെ തടയാൻ ഉത്തരവു നൽകിയത്. ഈ രാജ്യത്തെ സിറിയക്കോ ലിബിയക്കോ തുല്യമാക്കാനോ?

3. തിരഞ്ഞെടുപ്പു തീയതി പ്രഖ്യാപിച്ചാലുടൻ തിരഞ്ഞെടുപ്പു പ്രചാരണത്തിനുള്ള പെരുമാറ്റച്ചട്ടം നിലവിൽ വരും. രാഷ്ട്രീയവും തിരഞ്ഞെടുപ്പു പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും തിരഞ്ഞെടുപ്പ് കമ്മിഷനോട് സമാധാനം പറയേണ്ടത് പൊലീസും ജില്ലാ ഭരണാധികാരികളുമാണ്. അരവിന്ദ് കേജ്‌രിവാളിനെ തടഞ്ഞുവയ്ക്കുകയോ അറസ്റ്റ് ചെയ്യുകയോ ഉണ്ടായില്ല. അദ്ദേഹത്തിനെതിരെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടില്ല. പെരുമാറ്റച്ചട്ടപ്രകാരം റോഡ് ഷോയ്ക്കുള്ള കാരണം വിശദമാക്കാനും റാലി നടത്താനുള്ള അനുവാദം തേടിയിട്ടുണ്ടോ എന്നാരാഞ്ഞുമാണ് അദ്ദേഹത്തെ തടഞ്ഞത്. നിയമപ്രകാരം തങ്ങളുടെ കടമ നിർവ്വഹിക്കാൻ പൊലീസിന് ബാദ്ധ്യതയില്ലേ? അദ്ദേഹം ഒരു മുൻ ഇന്ത്യൻ റവന്യു സർവീസ് ഓഫീസർ ആണെന്നുള്ള ഗർവ്വാകാം. സാധാരണ തിരഞ്ഞെടുപ്പ നടക്കുമ്പോൾ ഇലക്ഷൻ കമ്മിഷൻ ഐ.ആർ.എസ്. ഉൾപ്പെടെയുള്ള എല്ലാ ഭരണവിഭാഗങ്ങളിലുമുള്ള ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പു ഡ്യൂട്ടിക്കായി നിയോഗിക്കാറുണ്ട്. ഒന്നുകിൽ അദ്ദേഹം വകുപ്പിൽ ജോലിചെയ്ത് ഇക്കാര്യങ്ങൾ വേണ്ടവിധത്തിൽ മനസ്സിലാക്കിയിട്ടില്ല, അല്ലെങ്കിൽ ഇതെല്ലാം അറിയാവുന്ന അദ്ദേഹം വിലകുറഞ്ഞ പ്രചാരത്തിനായി കോൺഗ്രസ് സ്പോൺസർ ചെയ്ത ഒരു പരിപാടി അരങ്ങേറുകയായിരുന്നു.

4. ഒരു 'അരാജകവാദി എന്ന് സ്വയം പ്രഖ്യാപിക്കുകയും സി.ഐ.എ. ചാരനാണെന്ന് ആരോപിക്കപ്പെടുകയും ചെയ്യുന്ന കേജ്‌രിവാൾ തന്റെ യജമാനന്മാരുടെ നിർദ്ദേശമനുസരിച്ച് ഓഗസ്റ്റ വെസ്റ്റ്ലാന്റ് അഴിമതിയിൽ നിന്ന് ജനശ്രദ്ധ തിരിക്കാൻ പരിശ്രമം നടത്തുന്നു. 12 വി.വി.ഐ.പി. ഹെലികോപ്റ്ററുകൾ വാങ്ങാൻ ഓഗസ്റ്റാ വെസ്റ്റ്ലാന്റ് എന്ന സ്ഥാപനവുമായി നടത്തിയ 3600 കോടി രൂപയുടെ (ഏകദേശം 770 ദശലക്ഷം ഡോളർ) ഇടപാട് സംബന്ധിച്ച അഴിമതി മൂടിവയ്ക്കാൻവേണ്ടിയാണ് ഈ നാടകം അരങ്ങേറിയത്. കോൺഗ്രസ് പ്രസിഡന്റിന്റെയും അവരുടെ കുടുംബാംഗങ്ങളുടെയും പങ്ക് ഇടനിലക്കാർ വെളിപ്പെടുത്തിയ ഈ കേസ് സി.ബി.ഐ. അന്വേഷിക്കും. റോൾസ് റോയ്സ് ഇടപാട്, ലൂട്ടിൻ അഴിമതി, നാഷണൽ ഹെറാൾഡ് അഴിമതി, ഓഗസ്റ്റാ വെസ്റ്റ്ലാന്റ് അഴിമതി അങ്ങനെ പോകുന്നു പട്ടിക. ഇനിയും എന്തെല്ലാം അഴിമതിക്കഥകൾ വരാനിരിക്കുന്നു എന്നു കാത്തിരുന്നു കാണാം.

5. ഈ നാടകം അശ്വിനിയുടെ വെളിപ്പെടുത്തലുകളിൽ നിന്ന് ശ്രദ്ധ തിരിക്കാനായിരുന്നോ: ഈ റിപ്പോർട്ട് രാവിലെ 11 മണിക്ക് തയ്യാറാക്കിയതാണ്. പത്രസമ്മേളനം ഉച്ചയ്ക്ക് രണ്ടുമണിക്കാണ് നടത്തിയത്. എ.എ.പി.യെക്കുറിച്ച് പുറംലോകം അറിയാത്ത പല രഹസ്യങ്ങളും എ.എ.പി. വിമതനായ അശ്വിനി കുമാർ ഉപാദ്ധ്യായ അവിടെക്കൂടിയ പത്രപ്രവർത്തകരോട് വെളിപ്പെടുത്തി. അമേരിക്കൻ ചാരസംഘടനയായ സി.ഐ.എ.യുമായി എ.എ.പി. ദേശീയ സമിതിക്കോ കുറഞ്ഞപക്ഷം നേതൃത്വത്തിനോ ബന്ധമുള്ളതായി അദ്ദേഹം സംശയം പ്രകടിപ്പിച്ചു. ദേശീയ സമിതിയിൽ അംഗങ്ങളായ 300 പേരിൽ 50 പേരോളം ഇതിനകം രാജിവയ്ക്കുകയോ പ്രതിഷേധം പ്രകടിപ്പിക്കുകയോ ചെയ്തിട്ടുണ്ട്. "സി.ഐ.എ., ഐ.എസ്.ഐ. ഫോർഡ് ഫൗണ്ടേഷൻ എന്നിവയുടെയും വിദേശ സാമ്പത്തികസഹായത്തോടെ പ്രവർത്തിക്കുന്ന സർക്കാരേതര സംഘടനകളുടെയും വ്യക്തികളുടെയും ദേശവിരുദ്ധപ്രവർത്തനങ്ങൾ" എന്ന ശീർഷകത്തിൽ ഉപാദ്ധ്യായ മാർച്ച് 4ന് അയച്ച ഇ മെയിൽ സന്ദേശം അതേപടി താഴെ ചേർക്കുന്നു.

"പ്രിയപ്പെട്ട സർ, ഇന്ത്യയിലെ പല സർക്കാരേതര സംഘടനകളും വ്യക്തികളും അമേരിക്കയിലെ സി.ഐ.എ., പാകിസ്ഥാനിലെ ഐ.എസ്.ഐ., അമേരിക്ക ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന എൻ.ജി.ഒ. ഫോർഡ് ഫൗണ്ടേഷൻ, എൻ.ജി.ഒ. ആവാസ്, മറ്റു പല വിദേശരാജ്യങ്ങൾ എന്നിവരിൽ നിന്ന് നേരിട്ടോ അല്ലാതെയോ ധനസഹായം കൈപ്പറ്റുന്നവരാണ്. ഫോർഡ് ഫൗണ്ടേഷൻ, വിദേശസഹായത്തോടെ പ്രവർത്തിക്കുന്ന ഇന്ത്യയിലെ സർക്കാരേതര സംഘടനകൾ, വ്യക്തികൾ എന്നിവരിൽ പലരും വിധ്വംസക. നക്സൽ, മാവോ, ഭീകരവാദ അനുകൂല നിലപാടുള്ളവരും നേരിട്ടോ അല്ലാതെയോ ദേശവിരുദ്ധപ്രവർത്തനങ്ങളിൽ പങ്കുള്ളവരുമാണ്. ഈ സംഘടനകളും വ്യക്തികളും ജനങ്ങളെ ജാതി, മതവിശ്വാസം, സാമൂഹിക വിഷയങ്ങൾ എന്നിവയുടെ പേരിൽ ഇളക്കിവിട്ട് നമ്മുടെ രാഷ്ട്രത്തിന്റെ ഐക്യത്തെയും അഖണ്ഡതയെയും തുരങ്കം വയ്ക്കുന്നു. അമേരിക്കയിലെ സി.ഐ.എ., പാകിസ്ഥാനിലെ ഐ.എസ്.ഐ. എന്നീ സംഘടനകൾ നടത്തുന്ന വലിയ ഗൂഢാലോചനയുടെ ഭാഗമായി ഫോർഡ് ഫൗണ്ടേഷന്റെയും മറ്റും സഹായത്തോടെ സർക്കാരേതര സംഘടനകളും വ്യക്തികളും പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നു. ഫോർഡ് ഫൗണ്ടേഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന സാമൂഹികപ്രവർത്തകർ, ഫോർഡ് സംഘാംഗങ്ങൾ, ഇന്ത്യയിലെ ഫോർഡ് ഫൗണ്ടേഷൻ പ്രതിനിധികൾ എന്നിവരുടെ 2000 മുതൽ 2012 വരെയുള്ള പ്രവർത്തനങ്ങൾ അന്വേഷിച്ചാൽ ഈ അവിഹിതബന്ധം തുറന്നുകാട്ടാനാകും.

7. എ.എ.പി.യുടെ ആഭ്യന്തര ലോക്പാൽ ആയ, വിരമിച്ച അഡ്മിറൽ ലക്ഷ്മിനാരായൺ രാംദാസിനും അദ്ദേഹത്തിന്റെ കുടുംബത്തിനും ഫോർഡ് ഫൗണ്ടേഷനുമായി ബന്ധമുണ്ട്. അദ്ദേഹത്തിന്റെ മൂത്തമകളായ കവിത എൻ. രാംദാസ് ആണ് തെക്കൻ ഏഷ്യയിലെ ഫോർഡ് ഫൗണ്ടേഷന്റെ മേധാവി. വിശദ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കാൻ രൂപീകരിക്കപ്പെട്ട സമിതിയിലെ മേധാവിയായ ലീലാ രാംദാസ് അഡ്മിറൽ രാംദാസിന്റെ പത്നിയാണ്. രമോൺ മെഗാസെ അവാർഡ് ജേതാവു കൂടിയാണ് രാംദാസ്. അരവിന്ദ് കേജ്രിവാളിന് ഈ അവാർഡ് നേടിക്കൊടുക്കുന്നതിനായി പ്രവർത്തിച്ച ഉപശാലയുടെ ഭാഗമായിരുന്നു ഈ കുടുംബം.

8. ഒരു രാഷ്ട്രീയപ്പാർട്ടിയുടെ പ്രത്യയശാസ്ത്രത്തോടും ഞങ്ങൾ എതിരല്ല. ദേശവിരുദ്ധ പരിപാടികളോടാണ് ഞങ്ങൾക്ക് എതിർപ്പ്. കാശ്മീർ, ഭട്ട്ല, ഇസ്രത്ത്, ജനുവരി 26 ലെ റിപ്പബ്ളിക് ദിനം, ഭീകരരായ നക്സലൈറ്റുകൾ എ.എ.പിയിൽ ചേർന്നത് എന്നീ സംഭവങ്ങൾ ഇവിടെ കൂട്ടിവായിക്കേണ്ടതാണ്. സ്വതന്ത്രമായ നിലപാടെടുക്കാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഞങ്ങളുടെ നയങ്ങൾക്കും പരിപാടികൾക്കുമതീതമായി ചിന്തിക്കാനുള്ള അവകാശവും ഞങ്ങൾ അംഗീകരിക്കുന്നു. എന്നാൽ ലാത്തികളും കല്ലുകളും കൊണ്ട് എന്ത് അഭിപ്രായം രേഖപ്പെടുത്താനാണ് അവർ ശ്രമിക്കുന്നത്? അവർ പ്രചരിപ്പിക്കുന്ന പ്രത്യയശാസ്ത്രപരവും വലിയ വർത്തമാനങ്ങളും ശുദ്ധ തട്ടിപ്പാണ്. കാശ്മീർ, നക്സൽ വിഷയങ്ങളിൽ ദേശവിരുദ്ധ അഭിപ്രായപ്രകടനത്തിനപ്പുറം അവരുടെ വായ്ത്താരി ഒന്നുമല്ല. എ.എ.പി.യ്ക്ക് പണമായും അല്ലാതെയും സംഭാവന നൽകിയവരോട് എനിക്കുള്ള ചോദ്യം ഇപ്പോൾ അവർ ആ പാർട്ടിയുടെ പ്രവർത്തനങ്ങളിൽ സന്തുഷ്ടരാണോ എന്നാണ്. തിലക് നഗർ എം.എൽ.എ. ജമൈൽസിംഗ് കല്ലെറിയുന്ന ചിത്രം നാം കണ്ടതാണ്. നാണക്കേട്!!

**(അരുൺ കുമാർ ജെയിൻ)**
**ഓഫീസ് സെക്രട്ടറി**